## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ജോയിന്റ് ഡയറക്ടർ ശ്രീ.ശശിധരൻ അന്യത്രസേവനം - സേവനത്തിൽ നിന്നും വിട്ടുനിന്ന കാലളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്

**സ.ഉ.(സാധാ)നം2491/2018/ത.സ്വ.ഭ.വ തീയതി25.09.2018, തിരുവനന്തപുരം**

---

പരാമർശം - 1. നഗരകാര്യഡയറക്ടറുടെ 22/01/2018 ലെ നം.ഇ 2- 35326/2017 കത്ത്
2. WP(C)No.31451/2017 ലെ 6.12.2017 ലെ വിധിന്യായം

### ഉത്തരവ്

നഗരകാര്യ വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സി.സി.ശശിധരനെ 30.09.2016 തീയതിയിലെ സ.ഉ.(സാധാ.)നം.4082/2016/ആർ.ഡി. ഉത്തരവ് പ്രകാരം 01/01/2017 വരെ ഒരു വർഷത്തേയ്ക്ക് ഗുരുവായൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 27.09.2017 തീയതിയിലെ സ.ഉ.(സാധാ.)നം.4135/2017/ആർ.ഡി. ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനം 31/01/2018 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

എന്നാൽ ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി)നം.31451/17 നമ്പർ കേസിലെ പരാമർശം രണ്ട് പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ ശ്രീ.സി.സി.ശശിധരന്റെ അന്യത്ര സേവന കാലയളവ് ദീർഘിപ്പിക്കൽ തത്കാലത്തേയ്ക്ക് തടഞ്ഞ് വയ്ക്കുകയും തുടർന്ന് 06/12/2016 ലെ അന്തിമ ഉത്തരവിൽ സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതും ഉചിതമായ നിയമനം നൽകുന്നതിനും ടിയാൾ പുറത്ത് നിന്ന കാലയളവ് ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

കോടതി വിധി പാലിച്ച് 01/01/2018 ലെ G.O(Rt) No. 2/2018/RD നമ്പർ ഉത്തരവ് പ്രകാരം ടിയാനെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ച് സേവനത്തിൽ പ്രവേശിയ്ക്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു. 01.02.2018 തീയതിയിലെ സ.ഉ.(സാധാ.)നം.353/2018/ആർ.ഡി. പ്രകാരം ശ്രീ.സി.സി.ശശിധരനെ ഗുരുവായൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു. ടിയാൻ 01.02.2018 തീയതിയിൽ ടി തസ്തികയിൽ പ്രവേശിച്ചു.

സേവനത്തിൽ നിന്നും വിട്ട നിന്ന കാലയളവ് ക്രമീകരിയ്ക്കുന്നതിലേക്കായി ശ്രീ. സി.സി. ശശിധരൻ അപേക്ഷിച്ചിരുന്നു.

സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയല്ലാത്തതിനാൽ ഉചിതമായ നിയമനം നൽകുന്നതിനും ഈ കാലയളവ് റഗലറൈസ് ചെയ്യുന്നതിനും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പിൽ ജോയിന്റ് ഡയറക്ടറായ ശ്രീ.സി.സി.ശശിധരൻ ഗുരുവായൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനത്തിൽ തുടർന്ന് വരവെ 4.10.2017 മുതൽ 31.01.2018 വരെ സേവനത്തിൽ നിന്നും വിട്ടുനിന്ന **കാലയളവിലെ ശമ്പളം ദേവസ്വം ബോർഡിൽ നിന്നും നൽകേണ്ടതാണെന്ന** വ്യവസ്ഥയിൽ പ്രസ്തുത കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

**അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ ഇ/ആഡിറ്റ്)
ശ്രീ.സി.സി.ശശിധരൻ, ജോയിന്റ് ഡയറക്ടർ (Rtd )
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ് (18.06.2018 ലെ ധനകാര്യ(ഡെവ-1/133/2018/ഫിൻ) പ്രകാരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**